പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4338 27.06.2013- ൽ മറുപടിക്ക്

## ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിക്ക് 2012 - 2013 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാന ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിക്ക് 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര തുക അനുവദിച്ചിരുന്നെന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് 2012 - 13 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ആറു കോടി രൂപ അനുവദിച്ചിരുന്നു. |
| (ബി) | ഇതിനകം എന്തു തുക എന്തെല്ലാം കാര്യത്തിനായി ചെലവഴിച്ചെന്ന് വിശദമാക്കാമോ; | (ബി) | താഴെ പറയുന്ന കാര്യങ്ങൾക്കായി ടി തുക ചെലവഴിച്ചിട്ടുണ്ട്.<br>1. അടിയന്തിര പ്രതികരണ സംവിധാനങ്ങളുടെ ശാക്തികരണം - 3,67,22,222.00<br>2. ദുരന്ത നിവാരണ സ്ഥാപനങ്ങളുടെ ശാക്തികരണം - 6,63,749.00<br>3. ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കൽ - 2,64,294.00<br>4. ദുരന്താഘാത ലഘൂകരണ സംവിധാനങ്ങളുടെ ശാസ്ത്ര സാങ്കേതിക വശങ്ങൾ - 9,57,861.00<br>5. പ്രകൃതി ദുരന്ത ലഘൂകരണവും, ദുരന്ത നിവാരണ നിർവ്വഹണവും - 1,26,55,782<br>എന്നിങ്ങനെ 5,12,63,908 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ സംസ്ഥാന ദുരന്ത നിവാരണ മാനേജ്മെന്റ് അതോറിറ്റിയിൽ ഏതെല്ലാം തസ്തികകളിൽ ആരെല്ലാം സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓഫീസിൽ 4 താത്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 4 തസ്തികകൾ:<br>ടെക്നിക്കൽ എക്സ്പെർട്ട് - 1, ഒഴിവ്<br>സെക്ഷൻ ഓഫീസർ - 1, ഡെപ്യൂട്ടേഷൻ<br>ക്ലർക്ക് - 1, ഒഴിവ്<br>ടൈപ്പിസ്റ്റ് - 1, കരാർ നിയമനം<br>പ്യൂൺ - 1, കരാർ നിയമനം<br>കൂടാതെ ഒരക്കൗണ്ടന്റിനെ ദിവസ വേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ച നേരിടാൻ ഈ സ്ഥാപനം എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്നും, ഇതിനായി എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ? | (ഡി) | സംസ്ഥാനം നേരിട്ട രൂക്ഷമായ വരൾച്ച നേരിടുന്നതിനായി 3.92 കോടി രൂപാ എസ്.ഡി.എം.എ യുടെ പ്ളാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. രൂക്ഷമായ വരൾച്ച നേരിടുന്നതിനായി എച്ച്.വി.ആർ.എ സെല്ലിന്റെ നേതൃത്വത്തിൽ മറ്റു വകുപ്പുകളെ ഏകോപിപ്പിച്ച് വരൾച്ചാ അവലോകനം നടത്തുകയും വരൾച്ച ഫലപ്രദമായി നേരിടുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ